പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2110

10.10.2011- ൽ
മറുപടിക്ക്

## കയർ കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കയർ കമ്മീഷൻ എന്നാണ് നിലവിൽ വന്നത്; | (എ) 18/7/2007 ലെ ജി.ഒ (എം.എസ്) നം.99/2007/വ്യവ പ്രകാരമാണ് കയർ കമ്മീഷൻ നിലവിൽ വന്നത് |
| (ബി) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | (ബി) പ്രസിദ്ധീകരിച്ചിട്ടു ണ്ട്. |
| (സി) റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ? | (സി) പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ചുവടെ ചേർ ക്കുന്നു.<br>തൊ ണ്ട് സംഭരണ പദ്ധതി പ്രകാരം 36 കൺസോർഷ്യങ്ങൾ ആരംഭിച്ച് അവക്ക് 5 ലക്ഷം രൂപ വീതം പ്രവർത്തന മൂലധനം നൽകി.<br>• ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയതായി ഡീഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിച്ചു. പ്രവർത്തന രഹിതമായ 29 ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തന ക്ഷമമാക്കുന്നതിലേക്കായി ധനസഹായം അനുവദിച്ചു<br>• ചകിരി ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത ചെറിയ |

| | |
|---|---|
| | തരത്തിലുള്ള ഡീഫൈബറിംഗ് മെഷീനുകൾ കയർ സഹകരണ സംഘങ്ങൾക്ക് സൗജന്യമായും, സ്വകാര്യ സംരംഭകർക്ക് സബ്സിഡി നിരക്കിലും അനുവദിച്ചുവരുന്നു.<br>• സംഘം തൊഴിലാളികളുടെ ത്രിഫ്റ്റ്, ഷെയർ മടക്കി നൽകി. സംഘം ജീവനക്കാർക്കുള്ള ഗ്രാറ്റുവിറ്റി എന്നിവയിലേയ്ക്ക് ധന സഹായം നൽകി.<br>• വില സ്ഥിരതാഫണ്ട് ഏർപ്പെടുത്തി.<br>• കയർ പിരി മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>• കയർ സഹകരണ സംഘങ്ങൾക്കും, ചെറുകിട ഉല്പാദകർക്കും കടാശ്വാസ പദ്ധതി ഏർപ്പെടുത്തി.<br>• ഗവേഷണ വികസന പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനെ ശക്തിപ്പെടുത്തി. കൂടുതൽ പരിശീലനങ്ങൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തി.<br>• കയർഫെഡ് പുനരുദ്ധാരണം അംഗീകരിച്ചു, കയർഫെഡിൽ പ്രത്യേക യാൺ ഡിവിഷൻ രൂപീകരിച്ചു<br>• ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ കയർ കോമ്പസിറ്റ് ബോർഡ് ഫാക്ടറി, കയർഫെഡിന്റെ ആഭിമുഖ്യത്തിൽ പി വി സി ടഫ്റ്റഡ് ഫാക്ടറി, കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സങ്കരയാൺ പദ്ധതി തുടങ്ങി വൈവിധ്യവൽക്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചു.<br>• കയർമേഖലയ്ക്ക് ആവശ്യമായ യന്ത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു<br>• സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ മാതൃകയിൽ കയർ മന്ത്രി |

| | |
|---|---|
| | ചെയർമാനും കയർ രംഗത്തെ വിദഗ്ദ്ധനെ വൈസ് ചെയർമാനുമായി ഈ മേഖലയ്ക്ക് ആവശ്യമായ നയങ്ങൾ രൂപീകരിക്കുന്നതിനായി അപെക്സ് ബോഡി ഫോർ കയർ (ABC) രൂപീകരിച്ചു.<br>• വിപണന സാധ്യതകൾ വിപുലമാക്കുന്നതിലേയ്ക്കായി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി സ്പെഷ്യൽ ആഫീസറെ നിയമിക്കുകയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ